യിൽ, ബട്ട് റോഡിൽ കലുങ്കു പുനർനിർമ്മാണം, കോഴിക്കോട് മാവൂർ റോഡിൽ ബിറ്റുമിൻ മെക്കാഡം ചെയ്യൽ, കല്ലുത്താൻ കടവുപാലത്തിനു സമീപറോഡുകൾ മുതലായ പണികൾക്കുള്ള അനുമതി നൽകിയിട്ടുണ്ട്. മാത്രമല്ല മാവൂർ റോഡ് ജംഗ്ഷൻ, രാജാജി റോഡ് ജംഗഷ്ൻ, ചൊവ്വയൂർ ജംഗ്ഷൻ, മെഡിക്കൽ കോളേജ് ജംഗ്ഷൻ, മീൻചന്ത ജംഗ്ഷൻ, എലഞ്ഞിപ്പാലം ജംഗ്ഷൻ മുതലായവയുടെ വികസനത്തിന് വിശദമായ പ്ലാൻ തയ്യാറാക്കുന്നതിന് നാട്പാക്-നെ ഏൽപ്പിച്ചിട്ടുണ്ട്.

133 (1352) വണ്ടിപ്പെരിയാർ-ഗവി-പ്ലാപ്പള്ളി റോഡ്

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടിപ്പെരിയാർ-ഗവി-പ്ലാപ്പള്ളി റോഡ് വൈദ്യുതി വകുപ്പ് എന്നാണ് പൊതുമരാമത്ത് വകുപ്പിന് കൈമാറിയത്;

(ബി) എത്ര കിലോമീറ്റർ ദൂരമാണ് ഈ റോഡിനുള്ളത്;

(സി) റോഡ് സഞ്ചാരയോഗ്യമാക്കുവാൻ എന്തൊക്കെ നടപടികളാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിരുന്നത്;

(ഡി) പച്ചക്കാനം മുതൽ പ്ലാപ്പള്ളി വരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കുവാൻ എന്നാണ് പ്രാഥമിക എസ്റ്റിമേറ്റ് സർക്കാരിലേക്ക് നൽകിയത്;

(ഇ) ഭരണാനുമതി ലഭിക്കുവാൻ വൈകുന്നതെന്തുകൊണ്ടാണ്;

(എഫ്) നബാർഡിന്റെ ധനസഹായം തേടുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത റോഡിന്റെ ശരിയായ പേര് വണ്ടിപ്പെരിയാർ-കോഴിക്കാനം ആങ്ങാമൂഴി-പ്ലാപ്പള്ളി എന്നാണ്. ഇതിൽ പച്ചക്കാനം വരെയുള്ള ഭാഗം 1984-ൽ വൈദ്യുതി വകുപ്പിൽനിന്നും ഏറ്റെടുത്തിട്ടുണ്ട്. ആങ്ങാമൂഴി മുതൽ കോഴിക്കാനം വരെയുള്ള 63.6 കി.മീറ്റർ ഭാഗം ഇപ്പോഴും വൈദ്യുതി വകുപ്പിന്റെ അധീനതയിൽ തന്നെയാണ്.

(ബി) 93.6 കി.മീറ്റർ

(സി) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള 30 കി.മീറ്റർ സഞ്ചാരയോഗ്യമാക്കി തീർത്തിട്ടുണ്ട്.

(ഡി)&(എഫ്) പുതുക്കിയ ഷെഡ്യൂൾ അനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കുവേണ്ടി പരിശോധനയിലാണ്. 572 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

134 (1353) ബ്രിഡ്ജ് കോർപ്പറേഷൻ രൂപീകരണം

<u>ശ്രീമതി ശോഭനാ ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്രിഡ്ജ് കോർപ്പറേഷൻ രൂപീകരണം സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബ്രിഡ്ജ് കോർപ്പറേഷൻ നിലവിൽ വന്നാൽ സംസ്ഥാനത്ത് ഏതെല്ലാം പാലങ്ങളുടെ നിർമ്മാണം ബ്രിഡ്ജ് കോർപ്പറേഷൻ ഏറ്റെടുക്കും എന്ന് വ്യക്തമാക്കുമോ; അതിനു സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) നബാർഡിന്റെ ധനസഹായത്തോടുകൂടി സംസ്ഥാനത്ത് ഏതെല്ലാം പാലങ്ങളുടെ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡ് കമ്പനീസ് ആക്ട് 1956 പ്രകാരം 23.9.99 ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് മുതൽ തൃപ്പൂണിത്തുറ വരെയുള്ള 17 റെയിൽവേ പാലങ്ങൾ പണിയാനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികളാണ് ആദ്യഘട്ടമായി ഏറ്റെടുത്തിട്ടുള്ളത്.

(സി) ഇതു സംബന്ധിച്ച് ലിസ്റ്റ് അനുബന്ധമായി വച്ചിരിക്കുന്നു.†

135 (1345) തൊടുപുഴയിലെ പഴയപാലം

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴയിലെ പഴയ പാലത്തിൽ ഇരുവശത്തുമായി നിർമ്മിച്ച നടപ്പാലത്തിനും അപ്രോച്ച് റോഡിനും, അതോടൊപ്പം ഉള്ള മറ്റ് ജോലികൾക്കുമായി എത്ര രൂപ ചെലവഴിച്ചു:

(ബി) ആരായിരുന്നു ജോലി ഏറ്റെടുത്തു നടത്തിയത്:

(സി) ഡിപ്പാർട്ടുമെൻറ് നേരിട്ടോ മറ്റ് ഏജൻസികൾ മുഖേനയാണോ ജോലി നടത്തിയത്; മറ്റ് ഏജൻസികൾ നടത്തിയെങ്കിൽ അവർ നേരിട്ടാണോ അതോ പീസ് വർക്ക് അടിസ്ഥാനത്തിലാണോ നടത്തിയത്; എങ്കിൽ ആരെല്ലാം ആണ് പണി നടത്തിയതെന്ന് വെളിപ്പെടുത്തുമോ;

(ഡി) നടപ്പാലം നിർമ്മാണം ഏതെങ്കിലും ഘട്ടത്തിൽ ടെൻഡർ ചെയ്തിരുന്നോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 58,61,629/രൂപ.

(ബി)& (സി) കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി, മാമല, എറണാകുളം, എന്ന കമ്പനിയാണ് പണി നടത്തിയത്.

(ഡി) ടെൻഡർ ചെയ്തിട്ടില്ല. ക്വട്ടേഷൻ മുഖേന പണി അറേഞ്ച് ചെയ്യുകയാണ് ചെയ്ത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly